**മധുരമായ കുട്ടികളേ, ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നതിന് വേണ്ടി വിനാശ കാലത്ത് പ്രീതബുദ്ധിയായി മാറി പവിത്രമായിരിക്കുന്നതിന്റെ പ്രതിജ്ഞ ചെയ്യൂ, ഇതു തന്നെ യാണ് നിങ്ങൾ ബാബക്ക് നൽകുന്ന സഹായം.**

**ചോദ്യം:-** യോഗ ബലത്തിന്റെ ആത്മീയ ഡ്രിൽ പഠിക്കുന്നതിനുള്ള മുഖ്യ ആധാരം എന്താണ്?
**ഉത്തരം:-** ഈ ഡ്രിൽ അഭ്യസിക്കുന്നതിന് മറ്റെല്ലാതിൽ നിന്നും ബുദ്ധിയോഗം വിയോജിപ്പിക്കേണ്ടതുണ്ട്, മറ്റെല്ലാ കൂട്ടുകെട്ടുകളും കളഞ്ഞ് ഒരു ബാബയുമായി കൂട്ടുകെട്ടു വെക്കണം. ഒന്നുമായി സത്യമായ പ്രീതി വെക്കുമ്പോൾ മാത്രമേ ആത്മീയ ഡ്രിൽ ചെയ്യാൻ കഴിയൂ. ഈ യോഗ ബലം തന്നെയാണ് 21 ജന്മ ത്തേയ്ക്ക് വിശ്വ രാജ്യപദവി പ്രാപ്തമാക്കുന്നത്.

***ഗീതം:*** ഭോലാനാഥനെപ്പോലെ വ്യത്യസ്ഥനായി . . . . . . .

**ഓം ശാന്തി**. കുട്ടികൾ ഈ പാട്ടുകേട്ടു. ആരുടെ മഹിമയാണ് ചെയ്തത്? ഭോലാനാഥനായ ശിവബാബ യുടെ. പരമപിതാ പരമാത്മാവിനെ ഭോലാനാഥൻ എന്നും പറയുന്നു. *നോളേജ്ഫുൾ* എന്നും പതിത പാവ നനൻ എന്നും പറയുന്നു. ബാബയെയാണ് പറയുന്നത് പരമപിതാ പരമാത്മാവെന്ന്. ലൗകിക പിതാവിനെ പരമപിതാ പരമാത്മാവെന്ന് പറയുകയില്ല. പരമപിതാവെന്ന് സദാ ഒരു പരമാത്മാവിനെ തന്നെയാണ് പറയ പ്പെടുന്നത്. ആത്മാവ് തന്റെ പരമപിതാ പരമാത്മാവിന്റെ മഹിമ ചെയ്യുന്നു. പറയുന്നു - ഭക്തരുടെ സംര ക്ഷകൻ അതായത് ഭക്തർക്ക് വീണ്ടും ഭക്തിയുടെ ഫലം നൽകുന്നവൻ. ഭക്തർക്ക് ഭഗവാൻ എന്ത് ഫല മാണ് നൽകുക? ഭഗവാൻ വന്ന് ഗതിയുടേയും സദ്ഗതിയുടേയും ഫലമാണ് നൽകുന്നത്. ഗതി അർത്ഥം മുക്തി ലഭിക്കുന്നു, നിർവ്വാണധാമത്തിൽ. അതിനെ നിരാകാരി ലോകമെന്ന് പറയപ്പെടുന്നു. ആത്മാവും നിരാകാരനാണ്. നിരാകാര ആത്മാവിന് ഈ ശരീരം ലഭിച്ചിരിക്കുകയാണ്. എന്തിന്? കർമ്മക്ഷേത്രത്തിൽ പാർട്ട് അഭിനയിക്കാൻ വേണ്ടി. എന്നാൽ കർമ്മക്ഷേത്രത്തിൽ പാർട്ട് അഭിനയിച്ചഭിനയിച്ച് ഏതൊരു ഭാര തമാണോ വജ്രസമാനമായിരുന്നത്, സ്വർഗ്ഗമായിരുന്നത്, ഉയർന്നതിലും ഉയർന്ന പവിത്ര ഖണ്ഡമായിരു ന്നത്, അത് ഇപ്പോൾ കക്കപോലെ അപവിത്ര ഖണ്ഡമായി മാറിയിരിക്കുകയാണ്.

ബാബ നിങ്ങൾ കുട്ടികൾക്ക് സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ രഹസ്യം പറഞ്ഞുതരികയാണ്. തുടക്കത്തിൽ ദേവീ-ദേവതകളുടെ രാജ്യമായിരുന്നു. മദ്ധ്യത്തിൽ രാവണന്റെ രാജ്യം തുടങ്ങുന്നു. ദേവീ -ദേവതകൾ വാമമാർഗ്ഗത്തിൽ പോകുന്നു. ഭാരതം പാവനമായിരുന്നു, ഇപ്പോൾ പതിതമാണ്. ഇതും മനസ്സിലാ ക്കിക്കൊടുക്കേണ്ടതാണ്. ഈ പതിത ലോകത്തെ പാവനമാക്കി മാറ്റുന്നത് ഒരേയൊരു പരമപിതാ പരമാ ത്മാവാണ്, പരമാത്മാവിനെയാണ് ഭക്തർ ഓർമ്മിക്കുന്നത്. ഭക്തർ പതിതരാണ്. എപ്പോഴാണോ ബാബ വന്ന് പാവനമാക്കി മാറ്റുന്നത് അപ്പോൾ ഭക്തർ ആരും തന്നെയുണ്ടാകുകയില്ല. ആരും വിളിക്കുകയുമില്ല. സത്യയുഗത്തിൽ എപ്പോഴാണോ ദേവീ-ദേവതകളുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ ഭഗവാനെ ആരും ഓർമ്മിച്ചിരുന്നില്ല. ഭാരതം സുഖധാമമായിരുന്നു. എന്നാൽ ഇങ്ങിനെയല്ല ഇസ്ലാം ഖണ്ഡവും ബൗദ്ധ-ഖ ണ്ഡവും സ്വർഗ്ഗമായിരുന്നു. ഭാരതം തന്നെയായിരുന്നു സ്വർഗ്ഗം എപ്പോഴാണോ ദേവീ-ദേവതകളുടെ രാജ്യമുണ്ടായിരുന്നത്. എപ്പോഴാണോ ദേവതകളുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ ക്ഷത്രിയ രാജ്യമു ണ്ടായിരുന്നില്ല. ഇത് ആരാണ് ഇരുന്ന് പറഞ്ഞ് മനസ്സിലാക്കിത്തരുന്നത്? *നോളേജ്ഫുൾ ഗോഡ് ഫാദർ*. ബാബ സത്യമാണ്, ചൈതന്യമാണ്. ആത്മാവും സത്യമാണ്, ചൈതന്യമാണ്. ഈ ശരീരം ജഢമാണ്, ഇതിനെ ആത്മാവാണ് ചലിപ്പിക്കുന്നത്. സത്യയുഗത്തിൽ ഒരേയൊരു ദേവതാ-ധർമ്മം മാത്രമാണുണ്ടായി രുന്നത്, അപ്പോൾ വളരെ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ, പിന്നീടാണ് വൃക്ഷം വൃദ്ധിപ്രാപിക്കു ന്നത്. ഈ സൃഷ്ടിയുടെ ആദി-മദ്ധ്യ-അന്ത്യത്തിന്റെ ജ്ഞാനം ഒരു പുരാണങ്ങളിലും ഇല്ല. അതെല്ലാം ഭക്തി മാർഗ്ഗത്തിലെ സാമഗ്രികളാണ്. പറയുന്നുമുണ്ട് - അല്ലയോ പതിത പാവനാ, വരൂ. ബാപൂ ഗാന്ധിജിയും രാമരാജ്യം വേണമെന്നാഗ്രഹിച്ചിരുന്നു. കൈയ്യിൽ ഗീതയുണ്ടായിരുന്നു എന്തുകൊണ്ടെന്നാൽ ഗീതാ ജ്ഞാനം കൊണ്ടാണ് പരമപിതാ പരമാത്മാവ് ഭാരതത്തെ സ്വർഗ്ഗമാക്കിമാറ്റിയത്. *സർവ്വശക്തമായ വിശ്വ* രാജ്യമായിരുന്നു. വിശ്വത്തിന്റെ അധികാരികളായിരുന്നുവെങ്കിൽ തീർച്ചയായും വിശ്വത്തിന്റെ രചയിതാവ് വിശ്വത്തിന്റെ അധികാരിയായിട്ടായിരിക്കും മാറ്റിയത്. ശിവബാബ പറയുന്നു - ഞാൻ വന്നിരുന്നു, നിങ്ങൾ ശിവജയന്തി ആഘോഷിക്കുന്നുണ്ടല്ലോ. അയ്യായിരം വർഷത്തിന്റെ കാര്യമാണ്. ഗീതയിൽ തന്നെയാണ് ഭഗവാനുവാചാ എന്ന് എഴുതിയിരിക്കുന്നത്. ഭാരതവാസികൾ തമോപ്രാധാനമാകുക കാരണം ഭഗവാനെ അറിയുന്നില്ല. ഭഗവാൻ ഉയർന്നതിലും ഉയർന്നവനാണ്. ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാരെയും രചിക്കുന്നവ

നാണ്. നിരാകാര ശിവഭഗവാന് തന്റേതായ ശരീരമില്ല. ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാർക്കും സൂക്ഷ്മ ശരീരമുള്ളതു കാരണം ദേവതയെന്നാണ് പറയപ്പെടുന്നത്. പരമപിതാ പരമാത്മാവ് സ്വയം പറയുന്നു - ഞാൻ രചയിതാവാണ്. ഇതെല്ലാം എന്റെ കുട്ടികളാണ്. ആത്മരൂപത്തിൽ നിങ്ങളെല്ലാവരും സഹോദരങ്ങളാണ്. അല്ലാതെ എല്ലാവരും അച്ഛന്മാരാണ് ഇങ്ങിനെയല്ല. സന്യാസിമാർ പറയുന്നു - ആത്മാവ് തന്നെയാണ് പരമാത്മാവ്. അല്ല. പരമാത്മാവ് പരമമായ ആത്മാവാണ്. ഡ്രാമയിൽ പരമാത്മാവിന്റെ പാർട്ട് വേറെയാണ്. പരമാത്മാവ് ക്രിയേറ്ററാണ്, ഡയറക്ടറാണ്, ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. ബ്രഹ്മാവിലൂടെ വീണ്ടും ആദി സനാതന ദേവീ-ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യിപ്പിക്കുന്നു. ബ്രഹ്മാകുമാർ കുമാരിമാരെ ദത്തെടുക്കുന്നു. മുഖവംശാവലിയെ ദത്തെടുക്കുക എന്നാണ് പറയപ്പെടുന്നത്. ഇത് ബ്രഹ്മാ-മുഖ വംശാവലികളാണ്. ബ്രഹ്മാകുമാർ-കുമാരിമാരെ പരമപിതാ പരമാത്മാവ് വന്ന് പഠിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ രാജയോഗം പഠിച്ചുകൊണ്ടിരിക്കുകയാണ്. അല്ലാതെ ഇങ്ങിനെയല്ല ആത്മാവ് തന്നെയാണ് പരമാത്മാവ്. ഈ കോടിക്കണക്കിന് ആത്മാക്കളെല്ലാവരും അവിനാശികളാണ്. ഇത് വളരെ വലിയ ഡ്രാമയാണ്. ഡ്രാമയുടെ രഹസ്യത്തെക്കുറിച്ച് ആർക്കും ഒന്നും അറിയുകയില്ല. ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ് - കല്പ-കല്പം സംഗമയുഗത്തിൽ ഞാൻ വരുന്നു. ഞാൻ സാധാരണ ശരീരത്തിലാണ് പ്രവേശിക്കുന്നത്. ഇദ്ദേഹത്തിന് തന്റെ ജന്മങ്ങളെക്കുറിച്ചൊന്നും അറിയുകയില്ലായിരുന്നു. ഞാൻ കേൾപ്പിക്കുകയാണ് - ഞാൻ ഈ ശരീരത്തിലാണ് വരുന്നത്. ഇദ്ദേഹത്തിന്റെ പേര് ഞാൻ പ്രജാപിതാ ബ്രഹ്മാവെന്ന് വെച്ചിരിക്കുകയാണ്. എനിക്ക് പതിത ലോകത്തുതന്നെ വരേണ്ടിയിരിക്കുന്നു. ഇത് ഇദ്ദേഹത്തിന്റെ അന്തിമ ജന്മമാണ്, 84 ജന്മം പൂർത്തിയാക്കിയിരിക്കുകയാണ്. ഈ ബ്രഹ്മാവും സരസ്വതിയും തന്നെയാണ് ലക്ഷ്മീ-നാരായണനായി മാറുന്നതും. സരസ്വതി ആരാണെന്ന് മനുഷ്യർക്കറിയുകയില്ല. സരസ്വതിയെ ഭഗവതിയെന്ന് പറയുകയില്ല. ഈ ബ്രഹ്മാവിന്റെ പുത്രിയുടെ പേര് ജഗദംബ സരസ്വതിയെന്നാണ്. സംഗമയുഗത്തിൽ ജഗദംബയെ കാമധേനു എന്ന് പറയുന്നു. ഇദ്ദേഹത്തെ (ബ്രഹ്മാവിനെ) ആദിദേവനെന്നും മഹാവീരനെന്നും പറയുന്നു. ഹൃദയം കവരുന്നവൻ (ദിൽവാലാ) എന്നും പറയുന്നു. വാസ്തവത്തിൽ ഹൃദയം കവരുന്നവൻ ശിവബാബയാണ്. ബാബ തന്നെയാണ് കുട്ടികളുടെ ഹൃദയം കവരുന്നതിന്, സ്വരാജ്യം നൽകുന്നതിന് വരുന്നത്.

കുട്ടികൾ പറയുന്നു - ബാബാ, ഞങ്ങളെ വീണ്ടും സദാ സുഖിയാക്കി മാറ്റൂ. അതുകൊണ്ട് ശിവ ബാബ വന്ന് ബ്രഹ്മാശരീരത്തിലൂടെ നിങ്ങളുടെ ഹൃദയം കവരുകയാണ്. നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ദിൽവാഡാ ക്ഷേത്രം അതിന്റെ സുന്ദരമായ ഓർമ്മചിഹ്നമായി നിലകൊള്ളുന്നു. അത് ജഢ ക്ഷേത്രമാണ്. നിങ്ങൾ 5000 വർഷം മുന്നെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റിയിരുന്നു, ഇതിന്റേയും ഓർമ്മ ചിഹ്ന ക്ഷേത്രമുണ്ട്. നിങ്ങൾ വീണ്ടും സേവനം ചെയ്തുകൊണ്ടിരിക്കുകയാണ്, പിന്നീട് ഈ ജഢ ക്ഷേത്രം പൊട്ടിപ്പൊളിഞ്ഞുപോകും. ബാബ പറയുകയാണ് - കല്പ-കല്പം ഞാൻ ഈ പതിത ശരീരത്തിൽ നിങ്ങളെ പാവനമാക്കാൻ വരുന്നു. ഇവിടെ പാവനമായവർ ആരും തന്നെയില്ല. ഇപ്പോൾ അനേക ധർമ്മങ്ങളുണ്ട്. ബാക്കി ദേവീ-ദേവതാ ധർമ്മം മാത്രമില്ല. ദേവീ-ദേവതാ ധർമ്മത്തിൽ പെട്ടവർ സ്വയത്തെ ഹിന്ദുവെന്നു പറയുന്നു. ദേവതാ ധർമ്മം പ്രായലോപമായിരിക്കുകയാണ്. ദേവീ-ദേവതകൾ പൂർണ്ണമായും പവിത്രമായിരുന്നു. അവർ എപ്പോഴാണോ വാമമാർഗ്ഗത്തിൻ പ്രവേശിച്ചത് അപ്പോൾ ദേവീ-ദേവതയെന്നു പറയാൻ യോഗ്യരല്ലാതെയായി. ദേവതാധർമ്മത്തിന് പ്രായലോപമാകുക തന്നെ വേണം. അപ്പോഴാണ് ഞാൻ ആദ്യമാദ്യം ദേവതാ-ധർമ്മം തന്നെ സ്ഥാപിക്കുന്നത്. ഇസ്ലാംമതം, ബുദ്ധമതം മുതലായവ പിന്നീടാണ് വരുന്നത്. ഹിന്ദു ധർമ്മം ഏപ്പോഴാണ് സ്ഥാപിതമായത്? ആദിസനാതനമായത് ഈ ദേവീ-ദേവതകളായിരുന്നു. ഭോലാനാഥനായ ശിവബാബ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്, നിഷ്കളങ്കരായ കുട്ടികളുടെ ബുദ്ധിയാകുന്ന പാത്രം നിറച്ച് അവരെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. വളരെ നിഷ്കളങ്കനായ വ്യാപാരിയാണ്. ആരെങ്കിലും മരിച്ചാൽ അവരുടെ പഴയ സാധനങ്ങൾ പരികർമ്മികൾക്ക് കൊടുക്കുന്നു. ബാബ പറയുന്നു - ഞാൻ നിങ്ങളുടെ പഴയ സാധനങ്ങൾ വാങ്ങി നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരികളാക്കി മാറ്റുന്നു. നിങ്ങൾ ശിവാലയത്തിൽ വസിക്കുന്നവരായിരുന്നു. ശിവൻ സത്യയുഗം സ്ഥാപിച്ചിരുന്നു, അത് ഇപ്പോൾ വേശ്യാലയമായിരിക്കുകയാണ്. ഇതിനെ വീണ്ടും ഞാൻ ശിവാലയമാക്കി മാറ്റുകയാണ്. വർണ്ണങ്ങളുടെ രഹസ്യവും ഞാൻ കുട്ടികൾക്കിപ്പോൾ പറഞ്ഞുതരികയാണ്. നിങ്ങൾ പുനർജന്മങ്ങളെടുത്തെടുത്തു വന്നിരിക്കുകയാണ്. വർണ്ണങ്ങൾ മാറിക്കൊണ്ടിരിക്കുന്നു. മനുഷ്യർ പറയുന്നു - 84 ലക്ഷം ജന്മങ്ങളെന്ന്. ബാബ പരാതി പറയുന്നു - നിങ്ങൾ നിങ്ങളുടെ 84 ജന്മങ്ങൾക്കു പകരം 84 ലക്ഷം ജന്മങ്ങളെന്നാക്കി മാറ്റി, എന്നെ സർവ്വവ്യാപിയുമാക്കി മാറ്റി, എവിടെ നോക്കിയായാലും നീ തന്നെ നീയാണെന്നും പറയുന്നു. എന്നാൽ ഞാൻ സർവ്വവ്യാപിയല്ല. ഈ സമയത്ത് 5 വികാരങ്ങൾ സർവ്വവ്യാപിയാണ്. സത്യയുഗത്തിൽ ഈ വികാരങ്ങളില്ലായിരുന്നു. അവിടെ ദേവീ-ദേവതകളായിരുന്നു. ഇപ്പോൾ അസുരന്മാരായിരിക്കുകയാണ്. വീണ്ടും അസുരന്മാരിൽ നിന്ന് ദേവതകളാക്കിമാറ്റുകയാണ്. അതുകൊണ്ട് ബാബ

മനസ്സിലാക്കിത്തരികയാണ്, ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്, അതിന് താഴെയാണ് ബ്രഹ്മാ-വിഷ്ണു -ശങ്കരന്മാർ. ഇത് സ്ഥൂല വതനമാണ്, ഇതിൽ ആദ്യം വരുന്നത് ദേവീ-ദേവകളുടെ രാജ്യമാണ്. പിന്നീട് ക്ഷത്രിയരുടെ രാജ്യം, ശേഷം വൈശ്യ-ശൂദ്രരുടെ രാജ്യം വരുന്നു. ഇപ്പോൾ രാജ്യമേയില്ല. ഇപ്പോൾ പ്രജ കളുടെ മേൽ പ്രജകളുടെ രാജ്യമാണ്. സത്യയുഗത്തിൽ സത്യസന്ധമായ മതമായിരുന്നു, ഒരിക്കലും ആർക്കും ദുഃഖം നൽകിയിരുന്നില്ല. ഭാരതത്തിന്റെ വളരെ മഹിമയാണ്, പക്ഷെ പുരാണങ്ങളിൽ തലതിരഞ്ഞെഴുതുക കാരണം മഹിമ കളഞ്ഞിരിക്കുകയാണ്. പ്രാചീന ഭാരതത്തിലെ യോഗവും ജ്ഞാനവും വളരെ പ്രശസ്ത മായിരുന്നു. ആരാണ് ഇത് പഠിപ്പിച്ചത്? ശ്രീമത് ഭഗവാനുവാചാ - കൃഷ്ണനല്ല. ബാബയിരുന്നു മനസ്സിലാ ക്കിത്തരികയാണ് എനിക്കും ഇവിടെ വരേണ്ട പാർട്ടുണ്ട്. ഞാൻ ജനന-മരണത്തിൽ വരുന്നില്ല. ഞാൻ ജ്ഞാന സാഗരനും സുഖ സാഗരനുമാണ്. ഈ മഹിമ വേറെ ആർക്കും ഇല്ല. ദേവതകളുടെ മഹിമ വേറെ യാണ്. ഓരോ അഭിനേതാവിനും അവനവന്റേതായ പാർട്ടുണ്ട്. ആ പാർട്ടനുസരിച്ചാണ് മഹിമ. നിങ്ങൾക്ക റിയാം ഉയർന്നതിലും ഉയർന്നത് നിരാകാരനായ *ഗോഡ് ഫാദറാണ്*. ലൗകിക അച്ഛനെ ഗോഡ് ഫാദർ എന്നു പറയുകയില്ല. അത് പരിധിയുള്ള അച്ഛനാണ്, ഇത് പരിധിയില്ലാത്ത അച്ഛനാണ്. എല്ലാവരും പരമ പിതാ പരമാത്മാവിനെയാണ് വിളിക്കുന്നത്. മനസ്സിലാക്കുകയാണ് ബാബ വന്നാൽ നമ്മളെ സുഖധാമി ലേയ്ക്ക് കൊണ്ടുപോകും.

ബാബ പറയുന്നു - ഞാൻ അജാമിളനെപ്പോലെയുള്ള പാപികളേയും സന്യാസി മുതലായവരേയും ഈ മാതാക്കളിലൂടെ ഉദ്ധരിക്കുകയാണ്. ഇവരാണ് ശിവശക്തി ഭാരതമാതാക്കൾ. യോഗശക്തിയിലൂടെയാണ് കാര്യങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ കന്യകമാരും അമ്മമാരും *വയലൻസ്(ഹിംസ)* ഡ്രില്ലാണ് പഠി പ്പിക്കുന്നത്. ഇവിടെ യോഗശക്തിയുടെ ഡ്രില്ലാണ് പഠിപ്പിക്കുന്നത്. നിങ്ങൾ ശ്രീമതപ്രകാരം നടക്കുന്നവരാ ണ്, പഴയലോകത്തിൽ നിന്നും സ്നേഹം അകറ്റി ഒരേയൊരു ബാബയുമായി യോജിപ്പിച്ചിരിക്കുകയാണ്. കൗരവരുടേത് വിനാശകാലത്ത് വിപരീത ബുദ്ധിയാണ്, നിങ്ങൾ പാണ്ഡവരുടേത് വിനാശകാലത്ത് പ്രീത ബുദ്ധിയാണ്. നിങ്ങൾ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു. ബാബയോട് പ്രതിജ്ഞ ചെയ്യുന്നു - ബാബാ, ഞാൻ പവിത്രമായിരുന്ന് ഭാരതത്തെ സ്വർഗ്ഗമാക്കിമാറ്റുന്നതിന് സഹായം ചെയ്യും കാരണം ഇപ്പോൾ ഈ മൃത്യുലോകം അവസാനിക്കാൻ പോകുകയാണ്. ബാബ അമരകഥ കേൾപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങൾ പാർവ്വതിമാരാണ്, സജനിമാരാണ്. ബാബയിൽ നിന്ന് സമ്പത്തെടുത്തുകൊണ്ടിരിക്കുകയാണ്. സജനിയുടെ രൂപത്തിൽ പറയുന്നു പുഷ്പമായി മാറൂ. നിങ്ങൾ മഹാരാജാവും മഹാറാണിയുമായി മാറും. ഈ രഹസ്യങ്ങളെല്ലാം ബാബയിരുന്നാണ് മനസ്സിലാക്കിത്തരുന്നത്. ബാബ തന്നെയാണ് *നോളേജ്ഫു ള്ളും, ക്രിയേറ്ററും, ഡയറക്ടറും.* ബ്രഹ്മാ-വിഷ്ണു-ശങ്കരന്മാർ രചനയാണ്, അതുകൊണ്ടാണ് ത്രിമൂർത്തി ശിവനെന്നു പറയുന്നത്. എന്നാൽ അവർ പറയുന്നു - ത്രിമൂർത്തി ബ്രഹ്മാവെന്ന്. ത്രിമൂർത്തി ശിവൻ ആരാണോ മൂന്നുപേരേയും രചിക്കുന്നത്, അവരെ മറന്നു പോകുന്നു. ശിവബാബയെ മറന്ന് നാസ്തികരാ യി മാറിയിരിക്കുകയാണ്. ഓ, *ഗോഡ് ഫാദർ* എന്നു പറയുന്നു, പക്ഷെ കർത്തവ്യത്തെക്കുറിച്ച് ഒന്നും തന്നെ അറിയുകയില്ല. മായ എല്ലാവരേയും നാസ്തികരാക്കി മാറ്റിയിരിക്കുകയാണ്, ഞാൻ സർവ്വരേയും ആസ്തികരാക്കി മാറ്റുന്നു. ബാബയെ മറക്കുക കാരണം അന്യോന്യം വഴക്കടിച്ചുകൊണ്ടിരിക്കുകയാണ്. ബാബ മനസ്സിലാക്കിത്തരികയാണ് - ഈ ഭാരതം വിശ്വത്തിന്റെ അധികാരിയായിരുന്നു, യാതൊരു വിഭജ നവും ഉണ്ടായിരുന്നില്ല. ആകാശം, ഭൂമി, വായു എല്ലാറ്റിന്റേയും അധികാരിയായിരുന്നു. ഇപ്പോൾ എത്ര വിഭജനമാണ് നടന്നിരിക്കുന്നത്. ആ സ്ഥലത്ത് അവർ പോകാൻ പാടില്ല - എത്ര വഴക്കുകളാണ് നടക്കുന്ന ത്. ഭാരതം പരിധിയില്ലാത്ത അധികാരിയെപ്പോലെയായിരുന്നു. ഇപ്പോൾ പരിധിയുള്ള അധികാരിയായി കക്കക്കു തുല്യമായിരിക്കുകയാണ്. ഇത് ഡ്രാമയാണ്, ഓരോ ആത്മാവിനും അവനവന്റേതായ പാർട്ടുണ്ട്. ചിലരുടേത് 84 ജന്മങ്ങളുടേതായിരിക്കും, ചിലരുടേത് ഒന്നോ രണ്ടോ ജന്മത്തിന്റേതായിരിക്കും. ഇത് അവിനാശിയായ നാടകമാണ്, ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഭാരതത്തെപ്പോലെ പവിത്രമായ വേറെ ഒരു ഭൂഖണ്ഡവുമില്ല. വീട് പഴയതാകുമ്പോൾ റിപ്പയറിംഗ് വർക്ക് ചെയ്യിപ്പിക്കാറുണ്ട്. ഭാരതം തന്നെയാണ് വാമമാർഗ്ഗത്തിൽ പോകുന്നത്, അതുകൊണ്ട് അവരെ അല്പം ശമിപ്പിക്കുന്നതിന് വേണ്ടി യാണ് സന്യാസ ധർമ്മം വന്നത്. ഇപ്പോൾ അവരും തമോപ്രധാനമായിരിക്കുകയാണ്. എല്ലാവരും പഴയ തായി മാറിയിരിക്കുകയാണ്, വീണ്ടും പുതിയതായി മാറുകയും ചെയ്യും. പഴയ വീട്ടിൽ യാതൊരു രസവു മില്ല. ബാബ പറയുന്നു - എനിക്ക് സതോപ്രധാനമാക്കി മാറ്റാൻ വരേണ്ടിയിരിക്കുന്നു. ഞാൻ വന്നു തന്നെ യാണ് ഭാരതത്തെ ജീവൻമുക്തമാക്കി മാറ്റുന്നത്. ബാക്കിയുള്ള ആത്മാക്കൾക്ക് മുക്തി നൽകുന്നു. ബാബ മനസ്സിലാക്കിത്തരുന്നു - കുട്ടികളേ, ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരികളായി മാറുന്നു. എത്ര വലിയ പ്രാപ്തിയാണ്. നിങ്ങൾ 21 ജന്മം പവിത്ര ലോകത്തിന്റെ അധികാ രികളാകുന്നു. നിങ്ങൾ ഉയർന്ന ആത്മാക്കളാണ്, സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു. പാപാത്മാവാ ക്കിമാറ്റിയത് മായയാണ്. പിന്നീട് ബാബ വന്ന് പുണ്യ ആത്മാവാക്കി മാറ്റുന്നു. കണക്കുകളവസാനിപ്പിച്ച്

തിരിച്ച് വീട്ടിലേയ്ക്ക് കൊണ്ടുപോകുന്നു. ഭോലാനാഥനായ ബാബ *ലിബറേറ്ററും* (മുക്തി ദായകൻ) ആണല്ലോ. പറയുന്നു - ഞാൻ നിങ്ങളെ ജീവൻമുക്തിധാമിലേയ്ക്ക് കൊണ്ടുപോകുന്നു. പരമപിതാ പരമാത്മാവു തന്നെയാണ് വളരെ മധുരമായത്, അതുകൊണ്ടാണ് സർവ്വരും ഓർമ്മിക്കുന്നത്.

നിഷ്കളങ്കരുടെ നാഥനായ ബാബ നിങ്ങൾ മാതാക്കളിലൂടെ ഭാരതത്തെ സ്വർഗ്ഗമാക്കി മാറ്റുന്നു, ഇതിന്റെ ഓർമ്മചിഹ്നം ദിൽവാഡാ ക്ഷേത്രം ഉണ്ട്. നിങ്ങൾക്ക് ഓരോരുത്തരുടേയും കർത്തവ്യത്തെ അറിയാം. ഡ്രാമയിൽ ഓരോരുത്തരുടേയും പാർട്ട് അടങ്ങിയിട്ടുണ്ട്. എത്ര പുനർ ജന്മങ്ങളാണെടുക്കുന്നത്. പാണ്ഡവർ ഗുപ്തമായിരുന്നു, യാദവ-കൗരവന്മാർ പ്രത്യക്ഷമായിരുന്നു. നിങ്ങൾ ഗുപ്തവേഷത്തിലുള്ള അഹിംസക ശക്തികൾ 21 ജന്മത്തേയ്ക്ക് വിശ്വത്തിന്റെ അധികാരികളായി മാറുന്നു. തീർച്ചയായും പരിശ്രമവും ചെയ്യേണ്ടി വരും. ഓരോ ചുവടും ശ്രീമതപ്രകാരം നടക്കണം. ബാബയുടെ ഓർമ്മ മറന്നാൽ മായയുടെ വെടിയുണ്ട ഏൽക്കും, അതുകൊണ്ട് തന്റെ പിതാവിനെ ഓർമ്മിക്കണം, സ്വയത്തെ ആത്മാവാണെന്ന് നിശ്ചയം ചെയ്യണം. മരണം മുന്നിൽ നില്ക്കുകയാണ്. പാപഭാരവും ശരിസ്സിൽ വളരെയുണ്ട്. ഏതുവരേയും ജീവിക്കുന്നുവോ അതുവരേയും പുരുഷാർത്ഥം ചെയ്യണം. ഈ മൃത്യുലോകത്തിൽ ഇനി വരരുത്. ലോകം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുകയാണ്. യാദവന്മാരും കൗരവന്മാരും തന്റെ കുലത്തിന്റെ വിനാശം ചെയ്തു. പാണ്ഡവർ തന്റെ രാജ്യം പ്രാപ്തമാക്കി. എന്നാൽ നാം പാണ്ഡവർ ഇപ്പോൾ ബാബയുടേതായിരിക്കുകയാണ്, രക്തത്തിന്റെ നദികൾ ഇവിടെ ഒഴുകും. അല്ലെങ്കിൽ എങ്ങിനെ ഈ പഴയ ലോകത്തിന്റെ വിനാശം നടക്കും. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) യോഗബലത്തിന്റെ ഡ്രിൽ ചെയ്ത് *നോൺവൈലൻസായി* (അഹിംസകരായി) മാറി എല്ലാവരുടേയും ഉന്നമനത്തിന് നിമിത്തമായി മാറണം.

2) നിഷ്കളങ്കരുടെ നാഥനായ ബാബയുമായി സത്യമായ കച്ചവടം ചെയ്യണം. തന്റെ പക്കലുള്ള പഴയതെല്ലാം നൽകി സ്വർഗ്ഗത്തിന്റെ രാജ്യ-ഭാഗ്യമെടുക്കണം. പഴയ ലോകത്തോടുള്ള സ്നേഹം മുറിച്ച് ബാബയുമായി യോജിപ്പിക്കണം.

## വരദാനം:- സ്വയത്തെ പരിവർത്തനപ്പെടുത്തുന്നതിന്റെ ഭാവനയയിലൂടെ എല്ലാ കാര്യങ്ങളിലും വിജയം പ്രാപ്തമാക്കുന്ന സഫലതാ സ്വരൂപരായി ഭവിക്കൂ

സേവനത്തിന്റെ ക്ഷേത്രത്തിൽ ഓരോരുത്തരോടുമൊപ്പം ചേർന്ന് പോകുന്നതിന്റെ ലക്ഷ്യമുണ്ടായിരിക്കണം, സ്വയത്തെ പരിവർത്തനപ്പെടുത്തുന്നതിന്റെ ഭാനയുണ്ടായിരിക്കണം എങ്കിൽ എല്ലാ കാര്യങ്ങളിലും സഹജമായും വിജയിയാകാൻ സാധിക്കും. മറ്റുള്ളവർ മാറുന്നുണ്ടോ ഇത് നോക്കുന്നവർ വഞ്ചിതരാകുന്നു അതുകൊണ്ട് എനിക്ക് പരിവർത്തനപ്പെടണം, എനിക്ക് ചെയ്യണം, ഓരോ കാര്യത്തിലും ആദ്യം സ്വയത്തെ മുന്നിൽ കൊണ്ടു വരൂ. അഭിമാനത്തിലല്ല, ചെയ്യുന്നതിൽ മുന്നിൽ വരൂ എങ്കിൽ സഫലത തന്നെ സഫലതയാണ്. ആർക്കാണോ മോൾഡാകാനറിയുന്നത് അവർ റിയൽ ഗോൾഡായി മാറുന്നു.

## സ്ലോഗൻ:- ഏതുപോലെയാണോ കണ്ണുകളിൽ പ്രകാശമടങ്ങിയിരിക്കുന്നത് അതുപോലെ ബുദ്ധിയിൽ ശിവ പിതാവിന്റെ ഓർമ്മ അടങ്ങിയിരിക്കണം.